9 (*316) നാമമാത്ര ജന്മി പെൻഷൻ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ആർ ലതാദേവി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നാമമാത്ര ജന്മി പെൻഷൻ നൽകിത്തുടങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പെൻഷൻ ലഭിക്കുന്നതിന് അർഹരായിട്ടുള്ളവർ സംസ്ഥാനത്ത് എത്ര പേരുണ്ട്; എത്രപേർക്ക് ഇതിനകം പെൻഷൻ നൽകി;

(സി) നാമമാത്ര ജന്മിമാരെ സഹായിക്കുന്നതിന് ഒരു ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ;

(ഡി) ഈ പെൻഷൻപദ്ധതി പൂർണ്ണമായും നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഉണ്ട്.

(ബി) അർഹതയുള്ളവരിൽ സംസ്ഥാനത്തൊട്ടാകെ 79 മുൻ ജന്മിമാർക്ക് നാളിതുവരെയായി പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) അർഹരായവർക്കെല്ലാം പെൻഷൻ നൽകി പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

10 (*317) സംയോജിത ശിശുവികസന പദ്ധതി

ശ്രീ. എം.എ. തോമസ് :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജിത ശിശുവികസന പദ്ധതി സാർവ്വത്രികമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി പദ്ധതികൾ വല്ലതും ആവിഷ്കരിച്ച് കേന്ദ്രത്തിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇപ്പോൾ സംസ്ഥാനത്തെ ഏതെല്ലാം ബ്ലോക്കുകളിലാണ് സംയോജിത ശിശുവികസന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്;

(ഡി) ലോക ബാങ്കിന്റെ സഹായത്തോടെ ശിശുവികസനത്തിനായി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഉണ്ട്.

(ബി) ഉണ്ട്. ലോകബാങ്ക് സഹായത്തോടെ 43 ബ്ലോക്കുകളിൽകൂടി സമഗ്ര ശിശുവികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ച് പ്രാവർത്തികമാക്കുന്നതോടെ സംയോജിത ശിശുവികസന പദ്ധതി സംസ്ഥാനത്ത് സാർവ്വത്രികമാകുന്നതാണ്.

(ബി) സംയോജിത ശിശുവികസന പദ്ധതി നിലവിലുള്ള 120 ബ്ലോക്കുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(ഡി) ശിശുവികസനത്തിന് സമഗ്രമായി ലോകബാങ്ക് സഹായത്തോടെ പുതിയ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. (ബി) വിഭാഗം ഉത്തരത്തിൽ പരാമർശിക്കുന്ന സംയോജിത ശിശുവികസന പദ്ധതിയുടെ മുഖ്യലക്ഷ്യം ശിശുക്ഷേമം തന്നെയാണ്. കൂടാതെ ലോകബാങ്കിന്റെ സഹായത്തോടെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ പ്രജനന ശൈശവാരോഗ്യ പരിപാടി എന്നൊരു പദ്ധതി നടപ്പിലാക്കിവരുന്നു. ജനനശിശുക്ഷേമ കുടുംബാസൂത്രണ രംഗങ്ങളിൽ നിലവിലുള്ള പോരായ്മകൾ പരിഹരിക്കുകയാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശം.

11 (*318) തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പരിപാടി അനുസരിച്ച്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നേരിട്ട് നടത്തുന്നതിനുള്ള അനുവാദം ജനകീയ കമ്മിറ്റികൾക്ക് (ബെനിഫിഷ്യറി കമ്മിറ്റികൾക്ക്) നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ജനകീയ കമ്മിറ്റികളാണ് നടത്തുന്നതെങ്കിൽ, അനുവദിച്ചിട്ടുള്ള എസ്റ്റിമേറ്റ് തുകയുടെ നാൽപ്പത് മുതൽ നാൽപ്പത്തിയഞ്ചു ശതമാനംവരെ തുക പ്രസ്തുത കമ്മിറ്റികൾക്ക് പണി നടത്തുന്നതിനായി ഉയർത്തി നൽകുന്ന സമ്പ്രദായം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഉയർത്തി നൽകുന്ന തുകകൂടി ലഭിക്കുന്നതിനു വേണ്ടി ബെനിഫിഷ്യറി കമ്മിറ്റി രൂപീകരിക്കുകയും പണി കരാറുകാരനെക്കൊണ്ട് നടത്തിപ്പിക്കുകയും ചെയ്യുന്ന കാര്യം ഗൗരവമായി സർക്കാർ കണക്കിലെടുക്കുമോ;

(ഡി) എങ്കിൽ വലിയ സാമ്പത്തിക ക്രമക്കേടുകൾക്ക് ഇടവരുത്തുന്ന ഇത്തരം 'ബിനാമി പണി' തടയുന്നതിനും, ശിക്ഷ ഏർപ്പെടുത്തു

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly